**പത്രക്കുറിപ്പ്**

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
Vanross Junction, Kerala University P.O.,
Thiruvananthapuram – 695 034
Phone : 0471 – 2326603/04/05
E-mail : pro.cpcr@gmail.com

06.06.2023

# ബാലവേലയും ബാലവിവാഹവും ഇല്ലാതാക്കാൻ ജാഗ്രതയോടെ പ്രവർത്തിക്കണം

സംസ്ഥാനത്ത് ബാലവേലയും ബാലവിവാഹവും പൂർണ്ണമായും ഇല്ലാതാക്കുന്നതിന് എല്ലാ കർത്തവ്യവാഹകരും ജാഗ്രതയോടെ പ്രവർത്തിക്കണമെന്ന് വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണാജോർജ്ജ് പറഞ്ഞു. കേരളത്തെ ബാലവേല–ബാല വിവാഹ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി നടത്തേണ്ട പ്രവർത്തനങ്ങൾ ചർച്ചചെയ്യുന്നതിന് തിരുവനന്തപുരത്ത് കൂടിയ സംസ്ഥാനതല കർത്തവ്യവാഹകരുടെ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ബാലവേല–ബാലവിവാഹ വിമുക്തി ലക്ഷ്യമിട്ട് വളരെ കേന്ദ്രീകൃതമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കുട്ടികളുടെ ഭിക്ഷാടനം, ബാലവേല, തുടങ്ങിയവ മോണിറ്റർ ചെയ്യുന്നതിന് പത്തനംതിട്ട ജില്ലയിൽ തുടക്കമിട്ട ശരണബാല്യം പദ്ധതിക്ക് ഇന്ന് 14 ജില്ലകളിലും റസ്ക്യൂ ഓഫീസർമാർ പ്രവർത്തിക്കുന്നു. ബാലവേലയും ബാലവിവാഹവും പൂജ്യത്തിൽ കൊണ്ടുവരികയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

കമ്മീഷൻ ചില മേഖലകളിൽ പരിശോധന നടത്തിയതിൽ കുട്ടികൾ വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നതായി മനസ്സിലാക്കി. പരിശോധനാവേളയിൽ അവരുടെ തിരിച്ചറിയൽ രേഖകൾ വ്യാജമാണെന്ന് കമ്മീഷന് ബോധ്യപ്പെട്ടതുമാണ്. 18 വയസ്സിൽ താഴെയുള്ള ഒരുകുട്ടിപോലും ബാലവേലയിൽ ഏർപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുക യാണ് കമ്മീഷന്റെ വക്ഷ്യം. അതിലൂടെ കേരളത്തെ ബാലസൗഹൃദ സംസ്ഥാനമാക്കാൻ സാഘിക്കുമെന്നും യോഗത്തിൽ അധ്യക്ഷത വഹിച്ച കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ അഭിപ്രായപ്പെട്ടു. തിരുവനന്തപുരം ഹോട്ടൽ പ്രശാന്തിൽ ബച്ച്പ്പൻ ബച്ചാവോ അന്തോളന്റെ സഹകരണത്തോടെ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനാണ് പരിപാടി സംഘടിപ്പിച്ചത്.

ബാലവേലയുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ 2019–ൽ 772 കേസുകളും, 2020 –ൽ 476 കേസുകളും, 2021 –ൽ 613 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കേരളത്തിൽ 2019 –ൽ 2 കേസുകളും, 2020–ൽ 0 കേസുകളും, 2021 –ൽ 3 കേസുകളും, 2022 –ൽ 3 കേസുകളുമാണ് സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട് ചെയ്തി ട്ടുള്ളത്. 14 വയസിന് താഴെയുള്ള കുട്ടികൾ ഉൾപ്പെടുന്ന കേസുകൾ ഉണ്ടായിട്ടില്ല. രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ കൗമാരവേലയിൽ ഏർപ്പെടുന്നവയാണ്. അവ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്ന കുട്ടികളും, അപകടകരമായ ജോലിയിൽ ഏർപ്പെടുന്ന വയല്ല എന്നും വ്യക്തമാണ്.

ബാലവിവാഹവുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ 2019–ൽ 523 കേസുകളും, 2020 –ൽ 785 കേസുകളും, 2021 –ൽ 1050 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കേരളത്തിൽ 2019 –ൽ 7 കേസുകളും, 2020–ൽ 8 കേസുകളും, 2021 –ൽ 12 കേസുകളും, 2022 –ൽ 4 കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. സംസ്ഥാന ബാലാവകാശ കമ്മീഷന്റെ ക്രിയാത്മകമായ ഇടപെടലുകൾ ബാലവിവാഹം കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട് എന്ന് വിലയിരുത്തുന്നു.

ബാലനീതി ആക്റ്റ് 2015, വകുപ്പ് 109 പ്രകാരം നിയമ നടത്തിപ്പുമായി ബന്ധപ്പെട്ട നിരീക്ഷണ ചുമതല ബാലാവകാശ കമ്മീഷനിൽ നിക്ഷിപ്തമാണ്. കേരളത്തെ ബാലവേല–ബാലവിവാഹ വിമുക്തമാക്കുന്നതിന് പ്രത്യേക പരിശോധനകളും, കർമ്മപദ്ധതികളും കമ്മീഷൻ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. യോഗത്തിൽ വിവിധ വകുപ്പുകൾ ബാലവേലയുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിലയിരുത്തി. ബാല–കൗമാരവേല പുനരധിവാസ ഫണ്ടിന്റെ വിനിയോഗം, ജില്ലാതല ടാസ്ക് ഫോഴ്സ് രൂപീകരണം, ആരൊക്കെയാണ് ടാസ്ക് ഫോഴ്സ് അംഗങ്ങൾ, ടാസ്ക് ഫോഴ്സിന്റെ ചുമതലകൾ എന്തൊക്കെയാണ് തുടങ്ങിയ വിഷയങ്ങളിലുള്ള തുടർ പ്രവർത്തനങ്ങൾ യോഗം ചർച്ചചെയ്തു.

ടാസ്ക് ഫോഴ്സുകൾ കൃത്യമായി ഇടപെടലുകൾ നടത്തിയാൽ വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിയുമെന്ന് യോഗ നടപടികൾ ക്രോഡീകരിച്ചുകൊണ്ട് കമ്മീഷൻ മെമ്പർ സി. വിജയകുമാർ പറഞ്ഞു. ജൂൺ 9 മുതൽ 11 വരെ ബാലവേലയുമായി ബന്ധപ്പെട്ട ഹോട്ട്സ്പോട്ടുകൾ ഐഡന്റിഫൈ ചെയ്യുകയും ടാസ്ക് ഫോഴ്സ് ഇത് കമ്മീഷനെ അറിയിക്കുകയും രക്ഷാ പ്രവർത്തനം നടത്തുകയും ചെയ്യണം. 12 മുതൽ 20 വരെ സംസ്ഥാനമൊട്ടാകെ ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി രക്ഷാപ്രവർത്തനം നടത്തണം. ജൂലൈ 7, 8 തീയതികളിൽ വീണ്ടും ടാസ്ക് ഫോഴ്സ് ചേരേണ്ടതും 12നകം കമ്മീഷന് റിപ്പോർട്ട് നൽകാനും നിർദ്ദേശിച്ചു. കൂടാതെ ബാലവിവാഹവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ മുഴുവൻ സി.ഡി.പി.ഒ. മാരുടെയും യോഗം വിളിച്ചുചേർക്കാനും കമ്മീഷനെ പുരോഗതി അറിയിക്കാനും നിർദ്ദേശം നൽകി. ജൂൺ, ജൂലൈ മാസങ്ങളിൽ കൂട്ടായ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ കേരളത്തെ ബാലവേല–ബാലവിവാഹ വിമുക്ത സംസ്ഥാനമാക്കി മാറ്റാൻ കഴിയും എന്നും കമ്മീഷൻ വിലയിരുത്തി.

ബാലാവകാശ കമ്മീഷൻ അംഗം റെനി ആന്റണി യോഗത്തിൽ സ്വാഗതം ആശംസിച്ചു. കമ്മീഷൻ അംഗം ശ്യാമളാദേവി. പി.പി വിഷയ അവതരണം നടത്തി. ബബിത.ബി യോഗത്തിൽ കൃതജ്ഞത പറഞ്ഞു. കമ്മീഷൻ അംഗം എൻ.സുനന്ദ ചർച്ചയിൽ പങ്കെടു

ത്തു. ബച്ച്പ്പൻ ബച്ചാവോ അന്തോളൻ സംസ്ഥാന കോർഡിനേറ്റർ പ്രശ്രീൻ കുന്നംപള്ളി മീറ്റിംഗിൽ പ്രസന്റേഷൻ നിർവ്വഹിച്ചു. യോഗത്തിൽ ഡബ്ല്യു.സി.ഡി. ഡയറക്ടർ പ്രിയങ്ക ജി., ഡബ്ല്യു.സി.ഡി. (പോലീസ്) നെ പ്രതിനിധീകരിച്ച് രാജു ഐ.പി.എസ്, ആർ.പി.എഫ്. ചീഫ് സന്ദീപ്കുമാർ സിങ് ഐ.പി.എസ്, 14 ജില്ലയിൽ നിന്നുമുള്ള എ.ഡി. എംമാർ, ജില്ലാ ചൈൽഡ് പ്രൊട്ടക്ക്ഷൻ ഓഫീസർമാർ, മേഖലാ ലേബർ ഓഫീസർമാർ, ജീല്ലാ ലേബർ ഓഫീസർമാർ, കൂടാതെ പട്ടികജാതി വികസനം, വിദ്യാഭ്യാസം,തദ്ദേശ സ്വയംഭരണം, പട്ടികവർഗ്ഗ വികസനം, എസ്.ജെ.പി.യു, എ.എച്ച്.റ്റി.സി സെല്ലുകൾ–പോലീസ് ,ഗതാഗത കമ്മീഷണർ, വിമുക്തി എക്സൈസ്, ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർ ഐ.സി.പി.എസ് പ്രോഗ്രാം മാനേജർ ചൈൽഡ് ലൈൻ ഇൻഡ്യ ഫൗണ്ടേഷൻ, ഫൗണ്ടേഷൻ ഫോർ ഡവലപ്മെന്റ് ആക്ഷൻ സെന്റർ ഫോർ മൈഗ്രേഷൻ ആന്റ് ഇൻക്ലൂസീവ് ഡവലപ്മെന്റ്,ഫൗണ്ടേഷൻ ഫോർ ഡവലപ്മെന്റ് ആക്ഷൻ, ബ്ലൂ പോയിന്റ്, ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി,സോഷ്യൽ ഓർഗനൈസേഷൻ ഫോർ മെന്റൽ ഹെൽത്ത് ആക്ഷൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

.

പബ്ളിക് റിലേഷൻസ് ഓഫീസർ